I/176194/2024

## Annexure I

**ആരോഗ്യ വകുപ്പിൽ 2024-ലെ പൊതു സ്ഥലാമാറ്റവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.**

1. സ.ഉ.(പി) നമ്പർ.03/2017/ഉ.ഭ.പ.വ. തീയതി. 25.02.2017 പ്രകാരം സ്ഥലംമാറ്റം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിയമങ്ങളും അനുസരിച്ച് ഓൺലൈൻ മുഖേനയായിരിക്കും പൊതു സ്ഥലംമാറ്റം നടപ്പിലാക്കുക.

2. എല്ലാ സ്ഥാപനമേധാവികളും ഇതുവരെ വരെ നടന്ന സ്ഥലംമാറ്റങ്ങളുടെയും സ്ഥാനക്കയറ്റങ്ങളുടെയും അടിസ്ഥാനത്തിൽ ജീവനക്കാരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതും അതിനുശേഷം ലോക്ക് ചെയ്യേണ്ടതുമാണ്. സ്പാർക്കിലെ സേവനവിവരങ്ങളിൽ ഉണ്ടാകുന്ന പിഴവ് മൂലം പൊതു സ്ഥലംമാറ്റത്തിൽ അപാകത സംഭവിക്കുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് സ്ഥാപനമേധാവികൾക്കായിരിക്കുമെന്നും, ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

3. 2024 ഏപ്രിൽ 3 0 വരെയുള്ള സേവനം കണക്കിലെടുത്തായിരിക്കും പൊതു സ്ഥലംമാറ്റത്തിനുള്ള സർവ്വീസ് ദൈർഘ്യം കണക്കാക്കുക.

4. സർവ്വീസ് കണക്കാക്കുമ്പോൾ ജീവനക്കാരൻ എടുത്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടാതെയുള്ള ശൂന്യവേതന അവധി ജോലിയിൽ നിന്ന് വിട്ടുനിന്ന ഇതര കാലയളവ് എന്നിവ പരിഗണിക്കുന്നതല്ല.

5. ജില്ലയ്ക്ക് പുറത്തേയ്ക്കുള്ള സ്ഥലംമാറ്റങ്ങൾ വകുപ്പ് അദ്ധ്യക്ഷൻ നടത്തിയതിനുശേഷം മാത്രമേ ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റങ്ങൾ നടത്താൻ പാടുള്ളൂ.

6. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താത്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ള തസ്തികകൾ പൊതുവായ സ്ഥലംമാറ്റത്തിനുള്ള ഒഴിവുകൾ ആയി പരിഗണിക്കുന്നതാണ്.

7. പൊതു സ്ഥലംമാറ്റം സംബന്ധിച്ചുള്ള ജില്ലാതല പരാതികൾ ജില്ലാതല ഉദ്യോഗസ്ഥർക്കും സംസ്ഥാനാടിസ്ഥാനത്തിലുള്ള പരാതികൾ വകുപ്പ് തലവനും നേരിട്ട് നൽകാവുന്നതാണ്. ജില്ലാതല സ്ഥലംമാറ്റം സംബന്ധിച്ച പരാതികൾ ജില്ലാ മെഡിക്കൽ ആഫീസർ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റി പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. പുന:പരിശോധന കമ്മിറ്റിയുടെ തീരുമാനങ്ങളിൽ പരാതിയുള്ള പക്ഷം അവയിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

8. ആരോഗ്യ വകുപ്പിൽ സംസ്ഥാനതല സ്ഥലംമാറ്റങ്ങളിലുള്ള പരാതികൾ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ആഡീഷണൽ ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതാണ്.

9. വകുപ്പ് അദ്ധ്യക്ഷൻ അടങ്ങുന്ന പുന:പരിശോധനാ കമ്മിറ്റിയുടെ തീരുമാനങ്ങളിൽ പരാതിയുള്ള പക്ഷം അവയിന്മേൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

10. ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയെന്ന കാരണത്താൽ ഒരാളെ സ്ഥലം മാറ്റേണ്ടതില്ല. മറ്റൊരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയ അപേക്ഷകൻ ആ സ്റ്റേഷനിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം അനുകമ്പാർഹമായ സാഹചര്യങ്ങൾ / പ്രത്യേക മുൻഗണന അർഹിക്കുന്ന വിഭാഗങ്ങൾ എന്നിങ്ങനെയുള്ള പരിഗണനകൾ കൂടി പരിശോധിച്ച് സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ്. എന്നാൽ പൊതു താത്പര്യം മുൻനിർത്തി ആവശ്യമെങ്കിൽ സ്ഥലംമാറ്റം നടത്താവുന്നതാണ്.

11. സ്വന്തം ജില്ലയിലേയ്ക്കുള്ള സ്ഥലംമാറ്റത്തിന് ഒന്നിൽ കൂടുതൽ ജില്ലകളിലെ സർവ്വീസ് ഉണ്ടെങ്കിൽ അവ ഒരുമിച്ച് കണക്കിലെടുക്കേണ്ടതാണ്. വിവിധ കേഡറിലുള്ള സർവ്വീസുകൾ ഒരുമിച്ച് കണക്കിലെടുക്കാവുന്നതാണ്. ജീവനക്കാരുടെ സ്വന്തം ജില്ലയിയിൽ നിന്നും പുറം ജില്ലയിലേയ്ക്ക് അവസാനം സ്ഥലംമാറ്റപ്പെട്ടതിനു ശേഷമുള്ള പുറം ജില്ലയിലെ തുടർച്ചയായ സേവനകാലം മാത്രമേ സ്ഥലംമാറ്റത്തിന് അർഹതയുള്ള ഔട്ട് സ്റ്റേഷൻ സർവ്വീസ് ആയി പരിഗണിക്കു.

12. സ്വന്തം ജില്ല എന്നത് ജീവനക്കാരൻ സർവ്വീസ് പ്രവേശന സമയത്ത് ഓപ്റ്റ് ചെയ്തതോ അല്ലെങ്കിൽ അപേക്ഷ നൽകി പിന്നീട് നിയമപരമായി മാറ്റി വാങ്ങിയ ജില്ലയോ ആയിരിക്കും. സർവ്വീസ് കാലയളവിൽ ഒരു തവണ മാത്രമേ ഇത്തരത്തിൽ ഓപ്ഷൻ നൽകി ജില്ല മാറുന്നതിനുള്ള അനുവാദമുണ്ടായിരിക്കുകയുള്ളു.

13. പ്രമോഷൻ സ്വമേധയാ വേണ്ടെന്നുവെയ്ക്കുന്നവരെ ( Relinquishment) സ്ഥലംമാറ്റ മാനദണ്ഡത്തിൽ നിന്നും ഒഴിവാക്കുന്നതല്ല.

14. ഡെപ്യൂട്ടേഷൻ (ഫോറിൻ സർവ്വീസ്) കാലാവധി സ്ഥലംമാറ്റത്തിനായി പരിഗണിക്കപ്പെടുന്ന സർവ്വീസിന് ഉൾപ്പെടുത്തുകയില്ല.

15. പെൻഷന് 2 വർഷം സർവ്വീസ് ബാക്കിയുള്ളവർക്ക് സ്വന്തം താല്പര്യപ്രകാരം സ്ഥലംമാറ്റത്തിന് മുൻഗണന നൽകേണ്ടതാണ്. (വിരമിക്കാൻ കുറഞ്ഞ കാലമുള്ളവർക്കായിരിക്കും മുൻഗണന നൽകുക.)

16. ജീവനക്കാരുടെ ആശ്രിതനോ, ബന്ധുക്കളോ മറ്റാരെങ്കിലുമോ നൽകുന്ന അപേക്ഷകൾ കയ്യോടെ നിരസിക്കേണ്ടതാണ്.

17. പരസ്പരം സ്ഥലംമാറ്റത്തിനു വേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

18. അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റത്തിനു മുൻഗണന ആവശ്യപ്പെടുന്ന ജീവനക്കാർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സ്ഥാപന മേധാവിക്കു നൽകി സ്ഥാപന മേധാവി ആയത് ഉറപ്പുവരുത്തിയ ശേഷമേ അപേക്ഷ ഫോർവേഡ് ചെയ്യാൻ പാടുള്ളു.

I/176194/2024

**<u>സഹതാപാർഹമായ സാഹചര്യങ്ങൾ</u>**

1. ഗുരുതരമായ അസുഖമോ (ഗുരുതര രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ) അപകടത്തേയോ തുടർന്ന് ഒരു ഉദ്യോഗസ്ഥന് സ്ഥായിയായ അവശത സംഭവിക്കുകയും പരസഹായത്തിനായി ആശ്രയിക്കേണ്ടതായി വരുക.
2. വിദഗ്ധ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലായെന്ന് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തുമ്പോൾ.
3. ഉദ്യോഗസ്ഥന്റെ ഭാര്യയ്ക്കോ (ഉദ്യോഗസ്ഥയാണെങ്കിൽ ഭർത്താവിനോ) പൂർണ്ണമായും ആശ്രയിച്ച് കഴിയുന്ന മകനോ മകൾക്കോ ഗുരുതരമായ രോഗം പിടിപെട്ട് ചികിത്സയിൽ കഴിയുമ്പോൾ ടിയാന്റെ/ടിയാളുടെ സാന്നിദ്ധ്യവും നേരിട്ടുള്ള പരിചരണവും രോഗിക്ക് നിർബന്ധമാണെന്ന് ബോദ്ധ്യപ്പെട്ടതായി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തുന്ന സാഹചര്യത്തിൽ.

19. മലയോര/ട്രൈബൽ സ്റ്റേഷൻ/വിദൂര സ്റ്റേഷൻ/എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള സ്ഥലങ്ങളിൽ രണ്ട് വർഷം സേവനം പൂർത്തിയാക്കിയവർക്ക് മൂന്ന് വർഷമായി പരിഗണിക്കുന്നതാണ്.

**<u>ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾ</u>**

| | | | |
|---|---|---|---|
| | തിരുവനന്തപുരം | 1 | പി.എച്ച്.സി അമ്പൂരി |
| 1 | കൊല്ലം | 1<br>2 | പി.എച്ച്.സി അച്ചൻകോവിൽ<br>പി.എച്ച്.സി തെൻമല |
| 2 | പത്തനംതിട്ട | 1<br>2<br>3 | പി.എച്ച്.സി കാക്കത്തോട്<br>പി.എച്ച്.സി താന്നിത്തോട്<br>പി.എച്ച്.സി സീതത്തോട് |
| 3 | ആലപ്പുഴ | 1 | പി.എച്ച്.സി പെരുമ്പളം |
| 4 | കോട്ടയം | | ഇല്ല |
| 5 | എറണാകുളം | 1<br>2<br>3 | പി.എച്ച്.സി വലന്തക്കാട്<br>പി.എച്ച്.സി കുട്ടമ്പുഴ<br>പി.എച്ച്.സി അയ്യമ്പുഴ |
| 6 | തൃശ്ശൂർ | 1<br>2<br>3 | പി.എച്ച്.സി വെറ്റിലപ്പാറ<br>പി.എച്ച്.സി വരവൂർ<br>പി.എച്ച്.സി ചിമ്മിനി ഡാം |
| 7 | പാലക്കാട് | 1<br>2<br>3 | പി.എച്ച്.സി ഷോളയാർ<br>പി.എച്ച്.സി പറമ്പിക്കുളം<br>പി.എച്ച്.സി അഗളി |
| 8 | കോഴിക്കോട് | 1<br>2<br>3 | പി.എച്ച്.സി വാണിമേൽ<br>പി.എച്ച്.സി കുണ്ടുതോട്<br>പി.എച്ച്.സി നരിപ്പറ്റ |

| | | | |
|---|---|---|---|
| 9 | കണ്ണൂർ | 1<br>2<br>3<br>4<br>5<br>6 | പി.എച്ച്.സി കേളകം<br>പി.എച്ച്.സി പെരുവ<br>പി.എച്ച്.സി കരിക്കോട്ടക്കരി<br>പി.എച്ച്.സി ചന്ദനക്കാംപാറ<br>പി.എച്ച്.സി അങ്ങാടിക്കടവ്<br>പി.എച്ച്.സി എരുവാശ്ശേരി |
| 10 | മലപ്പുറം | 1<br>2<br>3<br>4<br>5<br>6 | പി.എച്ച്.സി കരമ്പ്ളാൻകോട്<br>പി.എച്ച്.സി ചെക്കാട്<br>പി.എച്ച്.സി വെട്ടത്തൂർ<br>പി.എച്ച്.സി പൊൻമല<br>പി.എച്ച്.സി മുത്തേടം<br>പി.എച്ച്.സി ചാത്തല്ലൂർ |
| 11 | വയനാട് | | എല്ലാ പഞ്ചായത്തിലുള്ള എല്ലാ സ്ഥാപനങ്ങളും ( ജില്ലാ താലൂക്ക് ആസ്ഥാനങ്ങൾ ഒഴികെ) |
| 12 | ഇടുക്കി | | |
| 13 | കാസർഗോഡ് | | |

20. സ്ഥലംമാറ്റം ചെയ്യപ്പെടുന്നയാൾ നിർബന്ധമായും അനുവദനീയമായ സമയപരിധിക്കുള്ളിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ഇത് ലംഘിക്കുന്നവർക്ക് എതിരെ ഉടനടി നിയമനാധികാരി അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

21. കരട് ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരെ ഏതെങ്കിലും കാരണവശാൽ അന്തിമ ലിസ്റ്റിൽ നിന്നും ഒഴിവാക്കുകയോ/കരട് ലിസ്റ്റിൽ ഉൾപ്പെടാത്ത ജീവനക്കാരെ ഏതെങ്കിലും കാരണവശാൽ അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ/അനുവദിക്കപ്പെട്ട സ്റ്റേഷനിൽ മാറ്റം വരുത്തുകയോ ചെയ്യുന്നുണ്ടെങ്കിൽ ടി ജീവനക്കാർക്ക് അറിയിപ്പ് നൽകുകയും അവരുടെ ആക്ഷേപം പരിശോധിക്കുകയും ചെയ്യുന്നതാണ്. ഇത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കും മുമ്പ് ബന്ധപ്പെട്ട അധികാരി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

22. പൊതു സ്ഥലംമാറ്റം നടപടികൾ പൂർത്തിയാക്കുന്നവരേയ്ക്കും മറ്റു സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കാൻ പാടില്ല.

Signed by
Dr Reena K J
Date: 15-03-2024 17:31:41

DIR DHS

ആരോഗ്യ വകുപ്പ് ഡയറക്ടർ